നം.ഡി5/578/2012/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:02/02/2012.

## സർക്കുലർ നമ്പർ.11

**വിഷയം:** പൊതു വിദ്യാഭ്യാസം – ജീവനക്കാര്യം – പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2012–2013 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:** 2/02/2012 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10നമ്പർ സർക്കുലർ.

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ – പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2012–2013 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അനതൃസേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല. 16/02/2012 മുതൽ 28/02/2012 വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രഥമ അദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും നേരിട്ടോ, ടെലഫോൺ മുഖേനയോ മറ്റ് ഉചിതമാർഗ്ഗേനെ അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ യൂസർ നെയിമും പാസ് വേഡും വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷകർക്ക് യൂസർ നാമവും താത്ക്കാലികമായ ഒരു പാസ്‌വേഡും നൽകുന്നതാണ്. പ്രസ്തുത യൂസർ നാമവും പാസ്‌വേഡും ഉപയോഗിച്ച് www.transferandpostings.in എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിക്കുന്നതാണ്.

അപേക്ഷ ലഭിച്ചാലുടൻ തന്നെ അപേക്ഷകന് ലഭിച്ച പാസ്‌വേഡ് മാറ്റി ഇഷ്ടമുള്ള പാസ്‌വേഡ് നൽകാവുന്നതാണ്. പാസ്‌വേഡ് രഹസ്യസ്വഭാവമുള്ളതായിരിക്കണം. ആയതു മറ്റാരാലും ദുരുപയോഗം ചെയ്യപ്പെടാൻ ഇടയാവരുത്. മാത്രമല്ല ഈ പാസ്‌വേഡ് ഉപയോഗിച്ചാണ്

പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. അതിലെ എല്ലാ ഭാഗങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

സ്ഥലംമാറ്റത്തിനുള്ള മുഖ്യപരിഗണന പ്രസ്തുത തസ്തികയിലെ സേവനകാല ദൈർഘ്യം (സീനിയോറിറ്റി) ആണ്. തുടർന്നുള്ള ഭാഗങ്ങളിൽ സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

1. പെൻഷന് 1 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.
2. താഴെപ്പറയുന്ന കാര്യങ്ങളിൽ സഹതാപാർഹമായ സാഹചര്യത്തിൽ സ്ഥലംമാറ്റം നൽകുന്നതാണ്.
    1) പ്രഥമ അദ്ധ്യാപകൻ/പ്രഥമ അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവർ അപകടം വഴിയോ ഗുരുതരമായ രോഗം മൂലമോ, സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.
    2) പ്രഥമ അദ്ധ്യാപകൻ/പ്രഥമ അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവർക്ക് കാൻസർ പോലുള്ള ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപ്പെട്ടവർ.
    3) ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങി പ്രഥമ അദ്ധ്യാപകർ/പ്രഥമ അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവരെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായി രോഗങ്ങൾ പിടിപ്പെടുകയും പ്രഥമ അദ്ധ്യാപകൻ/പ്രഥമ അദ്ധ്യാപിക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽപ്പെട്ടവരുടെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ.

    രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം. സഹതാപാർഹമായ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നവർ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും, അനുബന്ധരേഖകളുടെ ശരിപകർപ്പും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.
3. സൈനിക സേവനത്തിനിടെ മരണമടഞ്ഞ/അംഗവൈകല്യം ബാധിച്ച ജവാന്റെ ഭാര്യ/ഭർത്താവിന് പൊതു സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇവർ സൈനിക മേധാവികളിൽ നിന്നോ സൈനികക്ഷേമ ഡയറക്ടറിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടചെയർപേഴ്സൺ, അഡ്മിനിസ്ട്രേറ്റിവ്

അസിസ്റ്റന്റ്, സർക്കാർ നോമിനേറ്റ് ചെയ്യുന്ന മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയായിരിക്കും സഹതാപാർഹമായ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നത്.

സഹതാപാർഹമായ മേൽ സ്ഥലംമാറ്റം പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെടുന്ന ആകെ എണ്ണത്തിന്റെ 10%ത്തിൽ അധികരിക്കാവുന്നതല്ല.

സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകൾ ഒരേ സ്ഥലത്തേയ്ക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെകൊടുത്തിട്ടുള്ള ക്രമപ്രകാരം പരിഗണിക്കുന്നതാണ്.

1. പട്ടികജാതി/പട്ടികവർഗ്ഗം.
2. വികലാംഗർ.
3. മിശ്രവിവാഹിതർ.
4. വിമുക്തഭടൻ.
5. സർവ്വീസിലുള്ള ജവാന്റെ ബന്ധു.
6. സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/ഭർത്താവ്, അവരെ സംരക്ഷിക്കുന്ന മകൻ/മകൾ.
7. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ.
8. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി (ഇവർക്ക് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിക്കുവാൻ അർഹതയുണ്ട്).
9. ശ്രവണ സംസാരശേഷി സംബന്ധിച്ച വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ.
10. വിധവ/വിഭാര്യൻ.

അവർ ഒരേ വിഭാഗത്തിലുൾപ്പെടുന്നവരാണെങ്കിൽ പ്രസ്തുത തസ്തികയിലെ ദൈർഘ്യം (സീനിയോറിറ്റി) ഉള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർ ആയതു തെളിയിക്കുന്ന ആധികാരിക രേഖയുടെ ശരിപകർപ്പുകൾ സ്ഥലംമാറ്റ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ആധികാരിക രേഖയുടെ പകർപ്പ് യഥാസമയം സമർപ്പിക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. അങ്ങനെ സ്ഥലംമാറ്റത്തിന് പ്രത്യേക പരിണനാർഹമായ വിഭാഗത്തിലെ സ്ഥലംമാറ്റം പ്രസ്തുത തസ്തികയിലേക്ക് സ്ഥലംമാറ്റം നൽകപ്പെടുന്ന ആകെ എണ്ണത്തിന്റെ 10%ത്തിൽ അധികരിക്കാവുന്നതല്ല.

ടീച്ചർ ട്രെയിനിംഗ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർക്ക് NCTE മാനദണ്ഡ പ്രകാരമുള്ള യോഗ്യത ഉള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

<u>**യോഗ്യത**</u>:- എം.എഡ് അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര

.......4

ബിരുദവും ബി.എഡും 55% മാർക്കോടുകൂടിയുള്ള വിജയം. എം.എഡ്. യോഗ്യതയുള്ളവർക്ക് മാർക്ക് നിബന്ധന നിഷ്കർഷിക്കുന്നില്ല. കൂടാതെ എലിമെന്ററി ടീച്ചർ എഡ്യൂക്കേഷൻ ഇൻസ്റ്റിട്യൂഷനിലുള്ള അഞ്ചുവർഷത്തെ എക്സ്പീരിയൻസും മേൽപ്പറഞ്ഞ യോഗ്യതകളുടെ അഭാവത്തിൽ മറ്റു അപേക്ഷകളും പരിഗണിക്കുന്നതാണ്.

ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന കണക്കാക്കുന്നതിന് പ്രസ്തുത സ്കൂളിൽ ജോലി ചെയ്ത തുടർച്ചയായ രണ്ട് വർഷം പൂർത്തിയാക്കിയവർക്ക് അത് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്. തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസായി പരിഗണിക്കുന്നതാണ്. അങ്ങനെ കണക്കാക്കുമ്പോൾ തുല്യത വരുന്ന പക്ഷം സർവ്വീസ് കൂടുതലുള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്. രണ്ട് വർഷത്തിൽ കുറവ് സർവ്വീസുള്ളവർക്ക് ഈ ആനുകൂല്യം ബാധകമാകുകയില്ല.

അപേക്ഷയുടെ അവസാന ഭാഗങ്ങളിൽ സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനത്തിലെ വിവരങ്ങളാണ് നൽകേണ്ടത്. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന
പരമാവധി 10 വരെയുള്ള സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 01/04/2012ൽ ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്. ഒരു സ്ഥാപനത്തിലെ സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകളിലേക്കും പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യയന വർഷത്തിൽ ഉണ്ടാകാവുന്ന എല്ലാ ഒഴിവുകളിലും 2012 2013 ഒരു അപേക്ഷ മാത്രമേ പരിഗണിക്കയുള്ളൂ. ആയതിനാൽ സമർപ്പിക്കുന്ന അപേക്ഷയിൽ പിശകുകളില്ലെന്ന് അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതാണ്.

നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ അപേക്ഷ സബ്മിറ്റ് ചെയ്യാവൂ. അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലയളവിൽ അപേക്ഷകന് തന്റെ അപേകഷയിന്മേൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. 28/02/2012 തീയതിക്ക് ശേഷം അപേക്ഷയിൽ യാതൊരുവിധ മാറ്റവും അനുവദിക്കുന്നതല്ല.താത്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം സ്ഥലംമാറ്റം ലഭിയ്ക്കാത്തവർക്ക് നിലവിൽ മറ്റു ഒഴിവുകളുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഓപ്ഷൻ മാറ്റി നൽകാവുന്നതാണ്.

പ്രിന്റ് ഔട്ട് എടുത്തശേഷം അപേക്ഷകൻ നിർബന്ധമായും Log Out ചെയ്തിരിക്കണം. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച Application ID യും അപേക്ഷകൻ നൽകിയ പാസ്വേഡും ഭദ്രമായി സൂക്ഷിച്ച് വയക്കേണ്ടതാണ്. വീണ്ടും പ്രിന്റ് എടുക്കുന്നതിനും തുടർന്നുവരുന്ന ട്രാൻസ്ഫറിന്റെ വിവരങ്ങൾ അറിയുന്നതിനും ApplicationIDയും പാസ്വേഡും അത്യന്താപേക്ഷിതമാണ്.

അപേക്ഷകൻ ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട് ഒപ്പിട്ടതിനുശേഷം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ലഭിക്കുന്ന വിഭാഗക്കാർ പ്രത്യേക പരിഗണന ലഭിക്കുന്നതിനുള്ള ആധികാരിക രേഖയുടെ പകർപ്പും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. അത്തരം ആധികാരിക രേഖകൾ

ഹാജരാക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന ലഭിക്കുന്ന വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

അപേക്ഷയുടെ പ്രിന്റ് ഔട്ട് – ന്റെ ശരിപകർപ്പും ആധികാരിക രേഖകളും 1/03/2012 തീയതിക്കകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.
ഓൺലൈനിലൂടെ അല്ലാത്ത ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. പ്രസ്തുത തീയതിക്ക് മുൻപും പിൻപുമായിട്ട് ലഭിച്ചിട്ടുളള അപേക്ഷയും ജനറൽ ട്രാൻസ്ഫറിന് പരിഗണിക്കുന്നതല്ല. സ്ഥലംമാറ്റ അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചാൽ അത് റദ്ദാക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ഏതെങ്കിലും കാരണവശാൽ തസ്തിക ഒഴിവ് ഇല്ലാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത സ്ഥലംമാറ്റം റദ്ദു ചെയ്യാനുളള അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 0471 2580512 എന്ന ഫോൺ നമ്പരിൽ നിന്നും ലഭ്യമാണ്.

അപേക്ഷ പൂരിപ്പിക്കുന്നതിനെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഒപ്പ്/-
പൊതു വിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

സൂപ്രണ്ടു്

വിദ്യാഭ്യാസ ഉപഡയറക്ടർ,

.......................................

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐ.ടി.@ സ്കൂൾ.